Draft #2 of File 31231/AC A1-3/2025/AC A 1 Approved by Registrar on 07-Apr-2025 12:16 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.31231/AC A1-3/2025/AC A 1 തീയതി: 07.04.2025

**<u>വിജ്ഞാപനം</u>**

പരാമർശം: സർവ്വകലാശാല ഉത്തരവ് നം.3076/AC A1/2025/എം.ജി.യു തീയതി 01.04.2025

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ/ ബിരുദാനന്തരബിരുദ പോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ) 2025-'26 അദ്ധ്യയന വർഷത്തേയ്ക്ക്, നാമമാത്ര സീറ്റ് വർദ്ധനവിന് (മാർജിനൽ വർദ്ധനവ്) കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിലവിലുള്ള സീറ്റുകളുടെ 25% വരെ വർദ്ധനവ് അനുവദിക്കുന്നതാണ്. നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും ബിരുദാനന്തര ബിരുദ പോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും മാത്രമേ അനുവദിക്കുകയുള്ളൂ. **2024-'25 അദ്ധ്യയനവർഷം വരെ സർവ്വകലാശാലയിൽ അടയ്ക്കേണ്ട എല്ലാവിധ ഫീസുകളും ഒടുക്കിയ കോളേജുകൾക്ക് മാത്രമേ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുകയുള്ളൂ.**

നാമമാത്ര വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ, ***പ്രോഗ്രാം ഒന്നിന് 4055/-രൂപ +18% GST (നാലായിരത്തി അൻപത്തി അഞ്ച് രൂപ +18% GST ) എന്ന നിരക്കിൽ ഫീസടച്ച് അപേക്ഷകൾ ഓൺലൈനായി സർവ്വകലാശാലയുടെ ഏകജാലക സംവിധാനത്തിലൂടെ (www.cap.mgu.ac.in/collegelogin) 11.04.2025 തീയതിക്കകം സമർപ്പിക്കേണ്ടതാണ്. ഇത് വഴിയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.***

നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള പോഗ്രാമുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകൾ, നാമമാത്ര സീറ്റ് വർദ്ധനവ് വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം.

നാമമാത്ര സീറ്റ് വർദ്ധനവ് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്:

- എയ്ഡഡ് / ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733508 (എ.സി.എ.1 സെക്ഷൻ)
- അൺ-എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733570 (എ.സി.എ.7 സെക്ഷൻ)
- സ്വയംഭരണ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733299 (എ.സി.ബി.7 സെക്ഷൻ)

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർ
2. വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ /കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
4. എസി.എ7/എസി.ബി.6/എസി.ബി.7/ എ.റ്റി.ആർ.
5. ഐ.റ്റി സെൽ 1/ഐ.റ്റി സെൽ 2
6. ബന്ധപ്പെട്ട പരീക്ഷ വിഭാഗങ്ങൾ
7. പി.ആർ.ഒ/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
8. കരുതൽ ഫയൽ /ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #1 of File ... - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2025-'26 അദ്ധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിയ്ക്കുന്നതിനുള്ള നിബന്ധനകൾ തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3076/AC A 1/2025/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 01.04.2025

---

*പരാമർശം:-*കുറിപ്പ് നം.വി.സി.702/2/11/2025 തീയതി 28.03.2025.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ ) 2025 - '26 അദ്ധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിയ്ക്കുന്നതിന് വൈസ്-ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് ഉത്തരവായിരിക്കുന്നു.

എ) ഓരോ പ്രോഗ്രാമിനും അനുവദിച്ച സീറ്റുകളുടെ (sanctioned strength) 25% വർദ്ധനവ്

- ബിരുദ പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) ഉൾപ്പെടെ പരമാവധി 70 സീറ്റ്.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) ഉൾപ്പെടെ പരമാവധി 30 സീറ്റ്.

ബി) മേൽ സൂചിപ്പിച്ച പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിക്കുമ്പോൾ കിട്ടുന്ന സീറ്റുകളുടെ എണ്ണം ഒറ്റ സംഖ്യയാണെങ്കിൽ തൊട്ടടുത്ത ഇരട്ടസംഖ്യയിൽ മാർജിനൽ വർദ്ധനവ് നിജപ്പെടുത്താവുന്നതാണ്.

സി) *നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) 2024-'25 വർഷം വരെയുള്ള ഫീ കുടിശ്ശിക തീർക്കാത്ത കോളേജുകൾക്ക് അനുവദിക്കാവുന്നതല്ല.*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ
2. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
4. എസി.സി.1/2/എസി.എ7എ.സി.ബി.7/എസി.ബി6 / എ റ്റി ആർ
5. ഐ.ക്യൂ.എ.സി./ പി.ആർ.ഒ
6. ഐ.റ്റി സെൽ 1/2/സർവ്വകലാശാല വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 31231/AC A 1-3/2025/Admn / ASSISTANT REGISTRAR on (ACADEMIC) 12 Apr 2025 01:07 PM - Page 2

Draft #2 of File 31231/AC A1-3/2025/AC A 1 Approved by Registrar on 07-Apr-2025 12:16 PM - Page 4